"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - പാളയം വാണിജ്യ വിപണന കേന്ദ്രത്തിനുവേണ്ടി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 389/1987 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1797/2026/LSGD തീയതി,തിരുവനന്തപുരം, 24-09-2026

---

പരാമർശം:- 1. ജി.ഒ(പി)നം. 32/2019/ധന തീയതി, 18/03/2019

2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 05.08.2026 തീയതിയിലെ എ3/2113/2025/ടിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

പാളയം വാണിജ്യവിപണന കേന്ദ്രത്തിനുവേണ്ടി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 2997-ൽ ഉൾപ്പെട്ട 5.67 ആർ ഭൂമി വാദി പേരിൽ നിന്നും പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 389/1987 കേസിൽ 31/10/2026 വരെ അവശേഷിക്കുന്ന വിധിക്കടത്തുകയായ 4,07,107/- രൂപ (നാല് ലക്ഷത്തി ഏഴായിരത്തി നൂറ്റിയേഴ് രൂപ മാത്രം) അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം 2 പ്രകാരം അഭ്യർഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാളയം വാണിജ്യവിപണന കേന്ദ്രത്തിനുവേണ്ടി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 2997-ൽ ഉൾപ്പെട്ട 5.67 ആർ ഭൂമി വാദി പേരിൽ നിന്നും പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 389/1987 കേസിൽ 31/10/2026 വരെ അവശേഷിക്കുന്ന വിധിക്കടത്തുകയായ **4,07,107/- രൂപ (നാല് ലക്ഷത്തി ഏഴായിരത്തി നൂറ്റിയേഴ് രൂപ മാത്രം)** ടി കേസിലെ കക്ഷികളായ ശ്രീ. ജോസഫ് (റോസ് വില്ല, റ്റി.സി 2/4, ഉള്ളൂർ, തിരുവനന്തപുരം), ശ്രീ. അബ്ദുൾ അഷറഫ് (പ്രൊപ്രൈറ്റർ, താജ് ഹോട്ടൽ ആൻഡ് ലോഡ്ജ്, പാളയം, തിരുവനന്തപുരം), ശ്രീ. എൻ ശ്രീധരൻ (റ്റി.സി 14/1929, പാൻഷോപ്പ്, പാളയം, തിരുവനന്തപുരം), ശ്രീമതി റസിയ ബഷീർ (തുഷാര ചിക്കൻ കോർണർ, പാളയം, തിരുവനന്തപുരം), ശ്രീ. ജനകരൻ റെഡ്ഢിയാർ (ഗുഡ്ലക്ക് ടെക്സ്റ്റയിൽസ്, പാളയം, തിരുവനന്തപുരം) എന്നിവർക്ക് '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി

ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ.ഇ1/127/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 25-09-2026
11:16:43

സെക്ഷൻ ഓഫീസർ